**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1359** — **07-10-2021 - ൽ മറുപടിയ്ക്ക്**

**പ്രീ പ്രൈമറി വിദ്യാഭ്യാസ മേഖലയുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. തോമസ്** | | **Shri V Sivankutty**<br>**(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | ഓൺലൈൻ വിദ്യാഭ്യാസത്തിന് യോജിക്കുന്ന രീതിയിൽ പ്രീ-പ്രൈമറി വിദ്യാഭ്യാസ മേഖലയെ നവീകരിക്കുന്നതിന് സമഗ്ര ശിക്ഷാ കേരളം വഴി എന്തെങ്കിലും പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ ? | (എ) | സമഗ്ര ശിക്ഷാ കേരളം, പൊതുവിദ്യാഭ്യാസ വകുപ്പ്, എസ്.സി.ഇ.ആർ.ടി., ഡയറ്റുകൾ എന്നിവയുടെ സഹായത്തോടെ സർക്കാർ പ്രീ-പ്രൈമറി സ്കൂളുകളിലെ അധ്യാപകർ, സർക്കാർ വിദ്യാലയങ്ങളോടനുബന്ധിച്ച് പി.ടി.എ. നടത്തുന്ന പ്രീ-പ്രൈമറി സ്കൂളുകളിലെ അധ്യാപകർ എന്നിവർക്ക് നവമാധ്യമങ്ങളിലൂടെ പഠനപിന്തുണ നൽകുന്നത് സംബന്ധിച്ച് പ്രശിക്ഷ 2021 (പ്രീ-സ്കൂൾ അധ്യാപക പരിവർത്തന പരിപാടി) എന്ന പേരിൽ പരിശീലനം സംഘടിപ്പിച്ചിട്ടുണ്ട്. സമഗ്ര ശിക്ഷാ കേരളം പ്രീ-പ്രൈമറി കുട്ടികൾക്കായി കളിത്തോണി എന്ന പേരിൽ വർക്ക്ഷീറ്റുകൾ നൽകിയിട്ടുണ്ട്. കുട്ടികളുടെ കഴിവ് വർധിപ്പിക്കുന്നതിനുള്ള മറ്റ് പ്രവർത്തനങ്ങൾ ഗൃഹാന്തരീക്ഷത്തിൽ രക്ഷിതാക്കളുടെ സഹായത്തോടെ ചെയ്യുന്നതിന് അധ്യാപകരെ പ്രാപ്തരാക്കുന്ന പരിശീലനം ഓൺലൈൻ /ഓഫ് ലൈൻ രീതിയിൽ സംഘടിപ്പിച്ചിട്ടുണ്ട്. ഓൺലൈൻ പിന്തുണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിന് പ്രീ-സ്കൂൾ അധ്യാപകരെ സഹായിക്കുന്ന തരത്തിൽ എല്ലാ സർക്കാർ പ്രീ-പ്രൈമറി സ്കൂളുകളിലും താലോലം ആക്ടിവിറ്റി കോർണറുകൾ സജ്ജീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ